(ഡി) പുതുതായി രൂപീകരിച്ച ഇടമലക്കുടി ഗ്രാമപഞ്ചായത്ത് ഒഴികെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണ പ്രവർത്തികൾ പുരോഗമിക്കുകയാണ്. ഐ.കെ.എം.-ലേക്ക് അവർ ഒടുക്കിയ തുക കൂടി പ്രയോജനപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുള്ളത്.

(ഇ&എഫ്) ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കിയിട്ടില്ല. പ്രസ്തുത പഞ്ചായത്തിൽനിന്ന് ഫണ്ട് പിരിച്ചെടുത്തിട്ടുമില്ല.

ധനകാര്യ കമ്മീഷൻ ധനസമാഹരണത്തിനായി നൽകിയ ശിപാർശകൾ

109 (1579) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ധനകാര്യ കമ്മീഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ധന സമാഹരണത്തിനായി എന്തെല്ലാം ശിപാർശകളാണ് സർക്കാരിന് നൽകിയിട്ടുള്ളത് ;

(ബി) ഇതിൽ ഏതെല്ലാം ശിപാർശകൾ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇനി ഏതെല്ലാം ശിപാർശകളാണ് നടപ്പാക്കാനുള്ളത് ;

(ഡി) ഏതെല്ലാം ശിപാർശകൾ നടപ്പാക്കുന്നതിലേക്ക് നിയമഭേദഗതികൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാന ധനകാര്യ കമ്മീഷൻ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷനാണ്. നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം സർക്കാരിന്റെ പരിഗണനയിലാണ്. റിപ്പോർട്ട് നിയമസഭയിൽവെച്ചതിനുശേഷം മാത്രമേ അതിലെ ഉള്ളടക്കം വെളിപ്പെടുത്താൻ നിർവ്വാഹമുള്ളൂ.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏകീകരണം

110 (1580) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളെ ഏകീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഏകീകരണം ഉടൻ പ്രാബല്യത്തിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഈ മേഖലയിൽ എന്തൊക്കെ നവീകരണങ്ങളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തദ്ദേശഭരണ വകുപ്പിന് ഒരു പൊതു സർവ്വീസ് രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

(ബി&സി) ഇതുസംബന്ധിച്ച് രൂപീകരിച്ചിട്ടുള്ള ഉന്നതതല സമിതി സമർപ്പിച്ചിട്ടുള്ള ചർച്ചക്കായുള്ള കരട് റൂൾ പൊതുസർവ്വീസ് സംഘടനകളുമായി 21-2-2011-ന് ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനുശേഷംമാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുകയുള്ളൂ.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

111 (1581) ശ്രീ. എം. എംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാക്കുന്ന കംപ്യൂട്ടർവൽകൃത സേവനങ്ങൾ ആരാണ് നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്നത് ; പ്രസ്തുത ഏജൻസിയുടെ സേവനം കുറ്റമറ്റതാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)

1. ഒൻപത്, പത്ത് പഞ്ചവത്സര പദ്ധതികളുടെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ആസൂത്രണം, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവയെ സംബന്ധിക്കുന്ന മാർഗ്ഗരേഖകൾ സമഗ്രമായി പരിഷ്കരിച്ചു.
2. ഭക്ഷ്യോല്പാദന വർദ്ധനവിന് കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.
3. ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.
4. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടേയും കാര്യപ്രാപ്തി വികസനത്തിന് പരിശീലനം നൽകി.
5. തദ്ദേശഭരണസ്ഥാപനങ്ങൾക്കു മാത്രമായി പുതിയ എഞ്ചിനീയറിംഗ് കേഡർ രൂപീകരിച്ചു.
6. എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അക്കൗണ്ടന്റുമാരെ ലഭ്യമാക്കി.
7. ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് നൽകേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കി.
8. വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങൾ, സാമൂഹ്യക്ഷേമ പെൻഷൻ വിതരണം, നഗരസഭകൾ കണക്കുകൾ തയ്യാറാക്കുന്നത് തുടങ്ങിയവ കമ്പ്യൂട്ടർവൽക്കരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly